Uncorrected/Not for publication
19-09-2025

**ശ്രദ്ധക്ഷണിക്കൽ**

**പേപ്പർ ഗ്ലാസുകൾ സൃഷ്ടിക്കുന്ന ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ**

ശ്രീ. മാത്യു ടി. തോമസ്: സർ, വർഷങ്ങൾക്കുമുമ്പ് പ്ലാസ്റ്റിക് ഗ്ലാസുകൾ നിരോധിച്ച ഒരു സംസ്ഥാനമാണ് കേരളം. വലിയ ആഘോഷത്തോടുകൂടിയാണ് ആ തീരുമാനത്തെ അന്ന് സ്വീകരിച്ചത്. ശബരിമലയിൽ പ്ലാസ്റ്റിക് കുപ്പികൾ നിരോധിച്ചുകൊണ്ടുള്ള കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ അവിടെ പ്ലാസ്റ്റിക് കുപ്പികൾക്കുപകരം മറ്റ് സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇന്നും ഗ്രാമപ്രദേശങ്ങളിൽ പ്ലാസ്റ്റിക് കുപ്പികളുടെ ഉപയോഗം കണ്ടുവരുന്നുണ്ട്. കുപ്പിവെള്ളത്തിൽപ്പോലും ആരോഗ്യത്തിന് ഹാനികരമായ പ്ലാസ്റ്റിക് തരികൾ അടങ്ങിയിട്ടുണ്ടെന്നാണ് സ്റ്റേറ്റ് യൂണിവേഴ്സിറ്റി ഓഫ് ന്യൂയോർക്കിലെ ഗവേഷകർ നടത്തിയ പഠനത്തിലെ കണ്ടെത്തൽ. പ്ലാസ്റ്റിക് കപ്പുകൾക്കുപകരം ഇന്ന് ഉപയോഗിച്ചുവരുന്ന പേപ്പർ കപ്പുകൾ അതിനേക്കാളേറെ അപകടം സൃഷ്ടിക്കുന്നതാണെന്ന് പലപ്പോഴും നമ്മൾ അറിയുന്നില്ല. വളരെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ പേപ്പർ കപ്പുകൾ വരുത്തിവയ്ക്കുന്നുണ്ട്. പേപ്പർ കപ്പുകൾ

ഡ്യൂറബിളും വാട്ടർ പ്രൂഫുമാക്കുന്നതിനുവേണ്ടി രാസപദാർത്ഥങ്ങൾകൊണ്ട് ട്രീറ്റ് ചെയ്യുകയാണ്. പേപ്പർ കപ്പിലേക്ക് ചൂടുള്ള ദ്രാവകം ഒഴിക്കുമ്പോൾ അതിൽ അടങ്ങിയിരിക്കുന്ന മൈക്രോ പ്ലാസ്റ്റിക് കണികകളും ഘനലോഹങ്ങളും ഉരുകി പാനീയത്തിൽ കലരുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്. അയോൺസ്, ജൈവ മിശ്രിതങ്ങൾ, ക്രോമിയം, പലേഡിയം, കാഡ്മിയം തുടങ്ങിയ ഘനലോഹങ്ങൾ തുടർച്ചയായി മനുഷ്യശരീരത്തിലേയ്ക്ക് കടന്നുചെല്ലുന്നത് വളരെ ഗുരുതരമായ രോഗങ്ങളെ ക്ഷണിച്ചുവരുത്തുമെന്ന് ശാസ്ത്രീയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കാൻസർ, വന്ധ്യത, ഗർഭാശയ രോഗങ്ങൾ തുടങ്ങിയ രോഗങ്ങളാണ് ഇതുമൂലം സംഭവിക്കുന്നതെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പേപ്പർ ഗ്ലാസുകൾ നിരോധിക്കാൻ സാധിക്കുമെങ്കിൽ അതാണ് ഏറ്റവും നല്ലത്. ചൂട് ഭക്ഷ്യപദാർത്ഥങ്ങളും ദ്രാവകങ്ങളും പേപ്പർ ഗ്ലാസുകളിൽ വിളമ്പുന്നത് കർശനമായി നിരോധിക്കാൻ സർക്കാർ തയ്യാറാകുമോ? പേപ്പർ കപ്പുകൾ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. പേപ്പർ കപ്പുകൾ മണ്ണിൽ ലയിച്ചുചേരാൻ നൂറ് വർഷമെങ്കിലുമെടുക്കും. അതുകൊണ്ടുതന്നെ അപകടകരമായ ഗ്രീൻ ഹൗസ് വാതകങ്ങൾ പുറത്തുവരുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പ്ലാസ്റ്റിക്

മലിനീകരണം വലിയ അപകടമാണ് സൃഷ്ടിക്കുന്നത്. സമുദ്രങ്ങളിലോ നദികളിലോ ഇവ എത്തിച്ചേരുന്നത് സമുദ്ര ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയെ സാരമായി ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ എണ്ണ, വെള്ളം അതുപോലെയുള്ള മറ്റ് സംവിധാനങ്ങളെ ഇല്ലാതാക്കാനും ഇതുപകരിക്കും. പേപ്പർ കപ്പുകളുടെ ഉപയോഗംമൂലം സഹജസ്ഥലങ്ങളിലും പാർക്കുകളിലും തെരുവുകളിലുമൊക്കെ മാലിന്യങ്ങൾ കുന്നുകൂടുന്നത് വർധിച്ചുകൊണ്ടിരിക്കുകയാണ്. വിവാഹം പോലെയുള്ള ഇവന്റ് കഴിഞ്ഞാൽ വലിയ തോതിലുള്ള പേപ്പർ കപ്പ് മാലിന്യങ്ങൾ കുന്നുകൂടുന്നുണ്ട്. കപ്പുകളും മറ്റും ഹരിതകർമ്മ സേന ശേഖരിക്കുന്നുവെന്ന് പറഞ്ഞാലും മറ്റ് പല അപകടങ്ങളും അവിടെ നിലനിൽക്കുകയാണ്. കപ്പുകൾ വാട്ടർ പ്രൂഫാക്കാൻ വേണ്ടി ഉപയോഗിക്കുന്ന രാസവസ്തുക്കൾ വന്യജീവികളെയും വനത്തിന്റെ ആവാസ വ്യവസ്ഥയെയും പരിസ്ഥിതിയെയുമൊക്കെ ഹാനികരമായി ബാധിക്കുമെന്ന് മാത്രമല്ല പേപ്പർ കപ്പുകൾ നിർമ്മിക്കാൻ വേണ്ടി ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് മറ്റ് കപ്പുകൾ നിർമ്മിക്കുന്നതിനേക്കാൾ വളരെ കൂടുതലുമാണ്. അതുകൊണ്ട് പ്ലാസ്റ്റിക് കപ്പുകൾ നിരോധിച്ചിടത്ത് സ്റ്റീൽ കപ്പുകളും കുപ്പി ഗ്ലാസുകളും ഉപയോഗിച്ച്

കഴുകി വൃത്തിയായി ഉപയോഗിക്കുന്ന ശീലം വളർത്തിയെടുക്കണം. നിർബന്ധമായും പേപ്പർ കപ്പുകൾ ഒഴിവാക്കാനുള്ള പ്രേരണ നൽകണം. പ്ലാസ്റ്റിക് കപ്പുകൾ നിരോധിക്കാൻ സാധിക്കുമെങ്കിൽ അതാണ് നല്ലത്. ചൂട് ദ്രാവകങ്ങൾ കപ്പിൽ വിളമ്പുന്നത് കർശനമായി നിരോധിച്ചുകൊണ്ടുള്ള സർക്കാരിന്റെ ഇടപെടൽ ഉണ്ടാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, അദ്ദേഹം ഉന്നയിച്ച വിഷയം വളരെ റെലവന്റും ഗൗരവമുള്ളതുമാണ്. അത് അങ്ങ് അഡ്രസ് ചെയ്യണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അങ്ങ് പറഞ്ഞതുപോലെ ശ്രീ. മാത്യു ടി. തോമസ് സഭയുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത് വളരെ ഗൗരവമുള്ളതും പ്രധാനപ്പെട്ടതുമായ ഒരു വിഷയത്തിലേക്കാണ്. പ്രസ്തുത വിഷയം ഉന്നയിച്ചതിന് അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്.

മി. സ്പീക്കർ: പ്ലാസ്റ്റിക്കിന്റെ അംശം മുലപ്പാലിൽ ഉൾപ്പെടെ വരുമെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, കടലിലും കായലിലും വൻതോതിൽ പ്ലാസ്റ്റിക് തള്ളുന്നതുമൂലം മൈക്രോ പ്ലാസ്റ്റിക്കിന്റെ അംശം മത്സ്യത്തിലൂടെ മനുഷ്യരിലേയ്ക്കുമെത്തുന്നുവെന്ന ധാരാളം പഠന റിപ്പോർട്ടുകളുണ്ട്. സംസ്ഥാനത്ത് പ്ലാസ്റ്റിക് കോട്ടിങ്ങുള്ള പേപ്പർ കപ്പുകൾ, പ്ലേറ്റുകൾ, ബൗൾ, കാരി ബാഗുകൾ എന്നിവ ഉൾപ്പെടെ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾക്ക് 01-01-2021-ൽ നിരോധനം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പിന്നീട് 12-08-2021-ലെ കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷൻ നമ്പർ ജി.എസ്.ആർ.571 ഇ മുഖേന ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് നിരോധനം നിലവിൽ വരുകയും ചെയ്തു. 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് ആൻഡ് ഹാൻഡ്ലിംഗ്) ചട്ടങ്ങളും 29-10-2022-ലെ സർക്കാർ ഉത്തരവിൻപ്രകാരവും കേന്ദ്ര മലിനീകരണനിയന്ത്രണ ബോർഡ് (സി.പി.സി.ബി.) സാക്ഷ്യപ്പെടുത്തിയ പോളിലാക്റ്റിക് ആസിഡ് കോട്ടിങ്ങുള്ള പേപ്പർ കപ്പുകളും പ്ലേറ്റുകളും മാത്രമേ ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കിന്റെ നിരോധിത പട്ടികയിൽ ഉൾപ്പെടുന്ന പ്ലാസ്റ്റിക് കോട്ടഡ് പേപ്പർ കപ്പുകൾ, പ്ലാസ്റ്റിക് കോട്ടഡ് പേപ്പർ പ്ലേറ്റുകൾ, പ്ലാസ്റ്റിക് കോട്ടഡ് ബൗളുകൾ, പ്ലാസ്റ്റിക് കോട്ടഡ് പേപ്പർ ബാഗുകൾ എന്നിവയ്ക്ക് ബദൽ

ഉൽപന്നങ്ങളായി അംഗീകരിച്ചിട്ടുള്ളൂ. ഈ ചട്ടങ്ങൾ അനുസരിച്ച് കമ്പോസ്റ്റബിൾ പ്ലാസ്റ്റിക് കാരി ബാഗുകൾ, മറ്റ് ഉൽപന്നങ്ങൾ എന്നിവയുടെ നിർമ്മാതാക്കളും വിൽക്കുന്നവരും വിപണനം ചെയ്യുന്നതിനുമുമ്പ് കേന്ദ്ര മലിനീകരണനിയന്ത്രണ ബോർഡിൽനിന്ന് ഒരു സർട്ടിഫിക്കറ്റ് നേടിയിരിക്കണം. 2024-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് (ഭേദഗതി) ചട്ടങ്ങൾ അനുസരിച്ച് കമ്പോസ്റ്റബിൾ പ്ലാസ്റ്റിക്കുകളുടെ നിർമ്മാതാക്കൾ സെൻട്രലൈസ് ഇ.പി.ആർ. പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. പ്ലാസ്റ്റിക് ഗ്ലാസുകൾ നിരോധിച്ചതിനെത്തുടർന്ന് വ്യാപകമായി ഉപയോഗത്തിൽ വന്നിട്ടുള്ള പേപ്പർ ഗ്ലാസുകൾ സൃഷ്ടിക്കുന്ന ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്ത് ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ക്വോട്ടിങ്ങോടുകൂടിയ പേപ്പർ കപ്പുകൾ ഉൾപ്പെടെയുള്ള ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുന്നതിലേയ്ക്കും പൊതുസ്ഥലങ്ങളിൽ വലിച്ചെറിയപ്പെടാതിരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും തിരുത്തൽ നടപടികളും സ്വീകരിച്ചുവരുന്നു. അതുപോലെ ഫൈൻ അടക്കമുള്ള നടപടികളും എൻഫോഴ്സ്മെന്റ് നടപടികളും ശക്തമായി

സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. പ്ലാസ്റ്റിക് കോട്ടിങ്ങുള്ള പേപ്പർ കപ്പുകൾ പൂർണ്ണമായി നിരോധിക്കുകയും നൂറിലധികം ആളുകൾ പങ്കെടുക്കുന്ന എല്ലാ സ്വകാര്യ-പൊതുപരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലനത്തിന്റെ ഭാഗമായി സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസുകളും ഉപയോഗിക്കുന്നതിന് സർക്കാർ തലത്തിൽ കർശനനിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാർ നേരിട്ട് നടത്തുന്ന പൊതുപരിപാടികൾ പൂർണ്ണമായും മാലിന്യമുക്തമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ പൊതുപരിപാടികൾക്ക് ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 2025-ലെ ഓണം വാരാഘോഷ പരിപാടികൾ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് വിജയകരമായി നടത്തിയ കാര്യവും ഞാൻ ഈ സഭയെ അറിയിക്കുകയാണ്. 21-03-2023-ലെ ഉത്തരവുപ്രകാരം മാലിന്യ സംസ്കരണത്തിന്റെ ലംഘനം കണ്ടെത്തുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് ടാസ്ക് ഫോഴ്സ് ഉണ്ട്. ഈ സ്ക്വാഡുകൾ പരിശോധന നടത്തി നിയമലംഘനങ്ങൾ കണ്ടെത്തി കർശനനടപടികൾ കൈക്കൊണ്ടുവരുന്നു. എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ മുഖേനയും മറ്റും കഴിഞ്ഞ ജനവരി മുതൽ ജൂൺ മാസം വരെ

ചുമത്തിയ പിഴ 8.55 കോടി രൂപയാണ്. സർക്കാർ ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അങ്ങും ശ്രീ. മാത്യു ടി. തോമസും ചൂണ്ടിക്കാണിച്ചതുപോലെ ഗൗരവമേറിയതും പ്രാധാന്യമുള്ളതുമായ വിഷയമാണിത്. പിഴ ചുമത്തുക മാത്രമല്ല അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച ആരോഗ്യ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള വിപുലവും വ്യാപകവുമായ ബോധവൽക്കരണവും അനിവാര്യമാണ്. അതിനും സർക്കാർ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, ചൂട് ഭക്ഷണ പദാർഥങ്ങൾ പേപ്പർ കപ്പുകളിൽ വിളമ്പി നൽകുന്നത് ആരോഗ്യത്തിന് അത്യധികം ഹാനികരമാണ്. പേപ്പർ കപ്പുകൾ മുഴുവനായി ഒറ്റയടിക്ക് നിരോധിക്കാൻ എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങളുണ്ടെങ്കിൽത്തന്നെ കുറഞ്ഞപക്ഷം ഇതിൽ ചൂട് ഭക്ഷണ പദാർഥങ്ങൾ വിളമ്പി നൽകുന്നത് തടയാൻ എന്തെങ്കിലും നിയമനടപടി സ്വീകരിക്കാൻ സാധിക്കുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഫങ്ഷനുകളിൽ ഗ്ലാസുകളാണ് ഉപയോഗിക്കുന്നത്. അതുപോലെ പടിപടിയായി പേപ്പർ ഗ്ലാസുകൾ ഒഴിവാക്കുന്നതാണ് നല്ലത്.

ശ്രീ. എം. ബി. രാജേഷ്: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. സർക്കാർ പരിപാടികൾ, പൊതുപരിപാടികൾ എന്നിവയെല്ലാം ഹരിത പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടായിരിക്കണമെന്ന് നമ്മൾ നിഷ്കർഷിച്ചിട്ടുണ്ട്. അതിന് ഹരിത പ്രോട്ടോക്കോൾ കമ്മിറ്റികൾ രൂപീകരിക്കാനും നിശ്ചയിച്ചിട്ടുണ്ട്. അതിന് ഒരു ഉദാഹരണമായാണ് ഓണം വാരാഘോഷം ചൂണ്ടിക്കാണിച്ചത്. പ്ലാസ്റ്റിക് കോട്ടുചെയ്തിട്ടുള്ള പേപ്പർ കപ്പുകളുണ്ടെങ്കിൽ അതിൽ നൽകുന്ന പദാർഥങ്ങൾ ചൂടുള്ളതാണോ അല്ലയോ എന്ന് പരിശോധിക്കുക എളുപ്പമായിരിക്കില്ല. ഇത്തരം കാര്യങ്ങൾ മേല്പറഞ്ഞ നടപടികൾകൊണ്ട് നിയന്ത്രിക്കുന്നതിന് എന്താണ് ചെയ്യാൻ സാധിക്കുന്നത് അത് ചെയ്യാം. അദ്ദേഹം ഉന്നയിച്ച പ്രശ്നം ഗൗരവത്തോടെ കാണുന്നു. കാര്യങ്ങൾ കുറച്ച് സങ്കീർണ്ണമാണ്. എന്നാലും നടപടികൾ നമ്മൾ സ്വീകരിച്ചുകൊണ്ടിരിക്കും.

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

Uncorrected/Not for publication
19-09-2025

## ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിലവിൽ ലേബർ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ **ഇരുപതും** മറ്റ് ഡിപ്പാർട്ട്മെന്റുകളുടെ കീഴിൽ **പതിനാലും** ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാം കൂടി പല ഇനങ്ങളിലായി 2000 കോടി രൂപയ്ക്കുമുകളിലുള്ള കുടിശ്ശികയുണ്ട്. പെൻഷൻ, അംശാദായം, റീഫണ്ട്, വിവാഹാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം, മരണാനന്തര ആനുകൂല്യം എന്നീ വിഭാഗങ്ങളിലായാണ് ഈ പാവപ്പെട്ട തൊഴിലാളികൾക്ക് 2000 കോടി രൂപയോളം നൽകാനുള്ളത്. കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ ആകെ ഗുണഭോക്താക്കൾ 5,12,316 പേരാണ്. ഇവിടെ 16 മാസത്തെ പെൻഷൻ കുടിശ്ശികയാണ്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 3.25 ലക്ഷത്തോളം അപേക്ഷകളിലായി 500 കോടി രൂപ കുടിശ്ശികയാണ്. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആകെയുള്ള ഗുണഭോക്താക്കൾ 3757 പേരാണ്. ഇവിടെ ഒരു കോടി എൺപത് ലക്ഷം രൂപ കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യാനുണ്ട്.

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 10000 ഗുണഭോക്താക്കൾക്ക് പെൻഷൻ ഇനത്തിൽ നാല് കോടി രൂപ കുടിശ്ശികയുണ്ട്. പ്രസവ സഹായം ഇനത്തിൽ 3760 പേർക്ക് അഞ്ച് കോടി രൂപ ഇനിയും നൽകാനുണ്ട്. കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 570000 ഗുണഭോക്താക്കൾക്ക് അംശാദായമായി 30 കോടി രൂപ നൽകാനുണ്ട്. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 8489 ഗുണഭോക്താക്കൾക്ക് പെൻഷൻ ഇനത്തിൽ നാല് കോടിയോളം രൂപ കുടിശ്ശികയാണ്. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു ലക്ഷത്തോളം ഗുണഭോക്താക്കൾക്ക് 50 കോടിയോളം രൂപ പെൻഷൻ കുടിശ്ശികയാണ്. പ്രസവ സഹായത്തിനായി വിതരണം ചെയ്യുന്ന തുകയിൽ 2012-13-ലെ തുക പതിനാല് വർഷത്തിലേറെയായി കുടിശ്ശികയാണ്. കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ 2023 മുതലുള്ള വിരമിക്കൽ ആനുകൂല്യം നൽകിയിട്ടേയില്ല. 46 കോടി രൂപ കുടിശ്ശികയാണ്. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2020 മുതലുള്ള വിരമിക്കൽ ആനുകൂല്യമായ 25 കോടി രൂപ കുടിശ്ശികയാണ്. കൂടാതെ കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ 24

കോടി രൂപയും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 40 കോടി രൂപയും കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിൽ 1.25 കോടി രൂപയും കുടിശ്ശികയാണ്. ആകെ 2000 കോടി രൂപയോളം കുടിശ്ശികയിനത്തിൽ വിതരണം ചെയ്യാനുണ്ടെന്ന് ഒരിക്കൽക്കൂടി സൂചിപ്പിക്കുകയാണ്. ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ളവരിൽ ഭൂരിഭാഗവും പാവപ്പെട്ട തൊഴിലാളികളാണ്. ക്ഷേമനിധി ബോർഡിന്റെ പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനാവശ്യമായ ഫണ്ട് മൂന്ന് ഭാഗങ്ങളായാണ് കണ്ടെത്തുന്നത്. തൊഴിലാളിയും തൊഴിലുടമയും ഒപ്പം സർക്കാരും നൽകുന്നതായ ഷെയറുകൾ ചേർന്നാണ് ക്ഷേമനിധി ബോർഡിന് ആകെത്തുക ലഭ്യമാകുന്നത്. ആദ്യത്തെ രണ്ട് ഭാഗങ്ങളിൽനിന്നുള്ള തുകയും കൃത്യമായി ലഭിക്കുന്നുണ്ട്. എന്നാൽ സർക്കാർ നൽകാനുള്ള തുക കുടിശ്ശികയാണ്. ഇതിനേക്കാൾ മറ്റൊരു ദ്രോഹം ചെയ്യാനുണ്ടോ? അതുകൊണ്ട് വിവിധ ക്ഷേമനിധി ബോർഡുകളിലെ കുടിശ്ശികത്തുകകൾ ത്വരിതഗതിയിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി 33 ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിച്ചുവരുന്നത്. ഇതിൽ തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. തനത് ഫണ്ട് ഉപയോഗിച്ച് ആനുകൂല്യം വിതരണം ചെയ്യുന്ന കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡായവ ഒഴികെ) എന്നിവ നാളിതുവരെയുള്ള പെൻഷൻ സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 16 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. മറ്റാനുകൂല്യങ്ങളിലെ തുകകൾ 2025 മാർച്ച് മാസം വരെയുള്ളത് വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ബോർഡിൽ സെസ് നിർണ്ണയിക്കുന്നതിനും ഈടാക്കുന്നതിനും തൊഴിൽ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരുന്നതെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം സെസ് പിരിവ് നടത്തുന്നതിനായി തദ്ദേശസ്വയംഭരണ

വകുപ്പിനെ ചുമതലപ്പെടുത്തി 2024 ഫെബ്രുവരി മാസം 14-ാം തീയതി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രതിമാസം പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് ഏകദേശം 72 കോടിയോളം രൂപ ആവശ്യമാണ്. തൊഴിൽ വകുപ്പ് സെസ് പിരിക്കുന്ന സമയത്ത് പ്രതിമാസം ഏകദേശം 30 കോടി രൂപ മാത്രമായിരുന്നു കളക്ഷൻ. എന്നാൽ ഇപ്പോൾ അത് ഏകദേശം 50 കോടി രൂപയായി വർധിച്ചിട്ടുണ്ട്. കളക്ഷനിൽ ഇനിയും വർധനവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടി വർധനവിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക സമയബന്ധിതമായി കൊടുത്ത് തീർക്കാൻ സാധിക്കുമെന്ന് കരുതുന്നു. ഇതുമായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങൾ ചോദ്യോത്തരവേളയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ ഓൺലൈനായിട്ടാണ് സെസ് പിരിക്കുന്നത്. പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ സെസ് കുടിശ്ശികയുണ്ടാകാൻ പാടില്ലെന്ന വ്യവസ്ഥയുണ്ട്. അതുകൊണ്ടുതന്നെ ഇപ്പോൾ കൃത്യമായ സെസ് കളക്ഷൻ നടക്കുന്നുണ്ട്. സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിൽ 2025 ജൂലൈ മാസം വരെയുള്ള പെൻഷൻ വിതരണം

ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ മുഖേന 2016 മുതൽ 2025 വരെ 9158,19,37,0013 രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. അതായത് കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ ഏതാണ്ട് പതിനായിരം കോടിയോളം രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടാം പിണറായി സർക്കാരിന്റെ കാലത്തുമാത്രം 3324,81,30,968 രൂപയുടെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കുടിശ്ശിക വിതരണം പൂർണ്ണമാക്കുന്നതിനുള്ള ഒരു നിശ്ചിത തീയതി പറയാൻ സാധിക്കുമോ? അത് സർക്കാർ ഉറപ്പ് നൽകണം. ഇവിടെ തൊഴിലാളികളും തൊഴിലുടമയും പണം നൽകിയിട്ടുണ്ട്. മൂന്നിലൊരു ഭാഗം മാത്രമാണ് സർക്കാർ വിഹിതം. ആയതിനാൽ സാധാരണ നിലയിൽ കുടിശ്ശികയുണ്ടാകേണ്ട സാധ്യതയില്ല. അതുകൊണ്ട് ഒരു നിശ്ചിത തീയതിക്കുമുമ്പ് ടി കുടിശ്ശിക കൊടുത്തുതീർക്കുമെന്ന് ഈ സഭയിൽ വച്ച് ഉറപ്പ് നൽകാൻ കഴിയുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, കുടിശ്ശിക കൊടുത്തുതീർത്തതുമായി ബന്ധപ്പെട്ട കണക്കുകൾ ഞാനിവിടെ സൂചിപ്പിക്കുകയുണ്ടായി. കെട്ടിട

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിനാണ് ഏറ്റവും കൂടുതൽ കുടിശ്ശികയുള്ളത്. നിലവിൽ 16 മാസത്തെ പെൻഷൻ തുക കുടിശ്ശികയുണ്ട്. 2025 മാർച്ച് വരെയുള്ള മറ്റെല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. മാത്രമല്ല മറ്റ് ക്ഷേമനിധി ബോർഡുകളുടെ ജൂലൈ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഉണ്ടായിരുന്ന വിഷയം നേരത്തെ വിശദീകരിച്ചതാണ്. പ്രതിമാസം 30 കോടി കളക്ഷൻ ഉള്ളത് നിലവിൽ 50 കോടി രൂപയായി വർധിച്ചിട്ടുണ്ട്. വലിയ വർധനവാണിത്. നിലവിൽ ഓൺലൈനായി സെസ് പിരിക്കുന്നതുകൊണ്ട് ഇനിയും വർധിക്കുമെന്നാണ് കണക്കാക്കുന്നത്. വരുമാനം വർധിക്കുന്നതിനനുസരിച്ച് എത്രയും വേഗത്തിൽ ടി കുടിശ്ശിക കൊടുത്തുതീർക്കണമെന്നതിനാണ് സർക്കാർ പ്രധാന പരിഗണന നൽകുന്നത്.